നമ്പർ : WCD/E6/11242/2020/WCD

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തിയതി : 1..10..2020

# പരിപത്രം

വിഷയം : വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കുക്ക് തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നത് - സംബന്ധിച്ച്.

സൂചന :

വനിതാ ശിശുവികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ നിലവിലുള്ള കുക്ക് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ പറയും പ്രകാരം പുറപ്പെടുവിക്കുന്നു.

1. കേഡർ സ്ട്രെങ്ത് പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള കുക്ക് തസ്തികയിൽ സ്ഥിരം ഒഴിവുകൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ അതാത് സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.
2. സ്ഥാപന മേധാവി ജില്ലാ വനിത ശിശുവികസന ഓഫീസർ മുഖാന്തിരം നിശ്ചിത പ്രൊഫോർമയിൽ ഒഴിവ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായാൽ പ്രസ്തുത ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുമായി ജില്ലാ വനിത ശിശുവികസന ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കൂടിക്കാഴ്ച നടത്തേണ്ടതാണ്.
4. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നൽകുന്ന കത്തിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ, ജില്ലാ വനിത ശിശുവികസന ഓഫീസർ ഉദ്യോഗാർത്ഥിയെ നിയമനം നൽകുന്നതിനായി തെരഞ്ഞെടുക്കാൻ പാടുള്ളൂ.

5. കുടിക്കാഴ്ചയിലൂടെ തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് നൽകുന്നതിനായി ചുവടെ പറയുന്നവയുടെ അസ്സൽ (ജില്ലാ വനിത ശിശുവികസന ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയത്) ഈ കാര്യാലയത്തിലേയ്ക്ക് അയച്ച് തരേണ്ടതാണ്.

    a) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നൽകിയ കവറിംഗ് ലെറ്റർ.
    b) എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിയമനം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ പേരിന് നേരെ ജില്ലാ വനിത ശിശുവികസന ഓഫീസർ SELECTED എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകിയ എംപ്ലോയ്മെന്റ് ലിസ്റ്റ്.
    c) ഉദ്യോഗാർത്ഥികളുടെ അറ്റൻഡൻസ് ഷീറ്റ്.
    d) ഉദ്യോഗാർത്ഥികളുടെ മാർക്ക് ലിസ്റ്റ്.
    e) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ്.

6. വനിത ശിശുവികസന ഡയറക്ടർ പുറപ്പെടുവിക്കുന്ന നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുക്ക് തസ്തികയിൽ ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7. നിയമന ഉത്തരവ് നൽകിയ ഉദ്യോഗാർത്ഥി നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ പ്രസ്തുത വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി**

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ സ്ഥാപന സൂപ്രണ്ടുമാർക്കും